# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2116 | 26.03.2013- ലെ മറുപടിക്ക്

## സഹകരണ മേഖലയെ ഊർജ്ജസ്വലമാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയുടെ വളർച്ച സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | (എ) കേരളത്തിലെ സഹകരണ മേഖല ഇന്ന് ഇന്ത്യക്കാകെ മാതൃകയാണ്. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന തലത്തിൽ സഹകരണ പ്രസ്ഥാനം കരുത്താർജ്ജിച്ചിട്ടുണ്ട്. വായ്പാ രംഗത്ത് മാത്രമല്ല കാർഷിക/കാർഷികേതര മേഖലയിലും, നിക്ഷേപ രംഗത്തും, ഉപഭോക്തൃ മേഖല ക്ഷീര വികസനം കൈത്തറി, കയർ ഖാദി, കശുവണ്ടി, പ്രൊഫഷണൽ വിദ്യാഭ്യാസം, സാംസ്കാരികം, ആരോഗ്യം പട്ടികജാതി/ പട്ടികവർഗ്ഗ വികസന, വനിതാ ക്ഷേമ രംഗങ്ങളിലും സഹകരണ മേഖല ഇന്ന് കരുത്തുറ്റ സാന്നിദ്ധ്യമാണ്.<br>കേരളത്തിന്റെ കാർഷിക മേഖലയിൽ സഹകരണ സംഘങ്ങൾ ഒരു നിർണ്ണായക ശക്തിയാണ്. 20 ശാഖകളുള്ള സംസ്ഥാന സഹകരണ ബാങ്കും, 668 ശാഖകളുള്ള 14 ജില്ലാ സഹകരണ ബാങ്കുകളും ഏകദേശം 3000–ത്തോളം ശാഖകളുള്ള 1604 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ചേർന്നതാണ് സഹകരണ വായ്പാ ശൃംഖല. ദേശീയ തലത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആകെ നിക്ഷേപത്തിന്റെ 56.76 ശതമാനവും കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടേതാണ്. പൊതു വിത |

രണ രംഗത്ത് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. നീതി മെഡിക്കൽ സ്റ്റോറുകൾ, നൻമ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ഉത്സവകാല ചന്തകൾ, ഫ്ളോട്ടിംഗ് ത്രിവേണി, മൊബൈൽ ത്രിവേണി, സൂപ്പർ മാർക്കറ്റുകൾ എന്നിവ കൺസ്യൂമർ ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ആരോഗ്യമേഖലയിൽ ജനങ്ങൾക്ക് ആശ്വാസമായി 154 ആശുപത്രി സഹകരണ സംഘങ്ങളും കൂടാതെ കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകളും പ്രവർത്തിച്ചു വരുന്നു. നെല്ല്, നാളികേര സംഭരണ പ്രവർത്തനങ്ങളും കാർഷികാധിഷ്ഠിത സംസ്കരണ പ്രവർത്തനങ്ങളും സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. കേപ്പിന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സംഘങ്ങളുടെ കീഴിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റി അഫിലിയേഷനോടുകൂടിയ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 31.3.2012 ലെ കണക്കനുസരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 13766 സംഘങ്ങൾ ഉണ്ട്.

ബി) സഹകരണ മേഖലയിൽ പ്രവർത്തന വിജയം നേടിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കമോ;

(ബി) സഹകരണ മേഖലയിൽ പ്രവർത്തന വിജയം നേടിയിട്ടുള്ള ആയിരക്കണക്കിന് സ്ഥാപനങ്ങൾ ഉണ്ട്. അവയെ പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി തരം തിരിച്ചിട്ടില്ല.

സി) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയുടെ സാന്നിദ്ധ്യം എത്രത്തോളം വിജയകരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ കീഴിൽ 7 എഞ്ചിനീയറിംഗ് കോളേജുകൾ, ഒരു എം.ബി.എ കോളേജ്, ഒരു ഫിനിഷിംഗ് സ്കൂൾ, ഒരു മെഡിക്കൽ കോളേജ്, ഒരു നഴ്സിംഗ് കോളേജ്, ഒരു നഴ്സിംഗ് സ്കൂൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ, പരിയാരം അക്കാഡമി,

ഹോസ്പിറ്റൽ ഫെഡറേഷൻ, ജില്ലകളിലെ വിവിധ പ്രൈമറി സംഘങ്ങളുടെ നേതൃത്വത്തിലുമായി നിരവധി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവ കൂടാതെ നിരവധി പുതിയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന ജനവിഭാഗത്തിന് പ്രൊഫഷണൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉന്നതമായ പങ്കുവഹിക്കുന്നുണ്ട്.

| | |
|---|---|
| ഡി) സഹകരണ മേഖലയെ സർവ്വതല സ്പർശിയായി കൂടുതൽ ഊർജ്ജസ്വലമാക്കാൻ പുതിയ എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനായി സംസ്ഥാനത്തിലെ 35000 അധികം വരുന്ന സ്കൂൾ കോളേജ് സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുക, സ്കൂൾ വിദ്യാർത്ഥികൾക്കായി സമ്പാദ്യശീലം വളർത്തുന്നതിന് സർവ്വീസ് സഹകരണ ബാങ്കുകളിലും ജില്ലാ സഹകരണ ബാങ്കുകളിലും ചെറു സമ്പാദ്യപദ്ധതി സ്കൂൾ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുക. സഹകരണ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾക്ക് പരിശീലന പദ്ധതി നടപ്പിലാക്കുക, എല്ലാ ഹ്രസ്വകാല കാർഷിക വായ്പകളും 2012-13 വർഷം മുതൽ പലിശ രഹിത വായ്പയായി നൽകുക തുടങ്ങി 40 ഓളം പ്രധാനപ്പെട്ട കർമ്മപരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ